LIBRARY ARCHIVES Kerala Legislative Assembly

അട്ടപ്പാടിയിലെ ശിശുമരണങ്ങൾ

73 (379) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അട്ടപ്പാടിയിൽ നടന്ന ശിശുമരണങ്ങൾ സംബന്ധിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടന്ന ശിശുമരണങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) മുൻ വർഷങ്ങളേക്കാൾ കൂടുതൽ ശിശുമരണം അട്ടപ്പാടിയിൽ സംഭവിക്കാനുണ്ടായ സാഹചര്യം എന്താണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

മുൻ വർഷത്തേക്കാൾ കൂടുതൽ ശിശുമരണം അട്ടപ്പാടിയിൽ സംഭവിച്ചിട്ടില്ല. 2020-ൽ ടൈബൽ ഇൻഫന്റ് മോർട്ടാലിറ്റി റേറ്റ് 21.50% ആയിരുന്നു. നിലവിൽ 2021 ജൂൺ വരെ 7.63% ആണ്.

പട്ടികജാതിക്ഷേമ വകുപ്പിന്റെ പദ്ധതികൾ

74 (380) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി ക്ഷേമ വകുപ്പ് മുഖേന മങ്കട നിയോജകമണ്ഡലത്തിൽ നടന്നുവരുന്ന പ്രവൃത്തികൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ?

മങ്കട നിയോജകമണ്ഡലത്തിൽ അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ നടത്തുന്നുണ്ട്. കളത്തിൽ ചാളക്കൽ, ചൊവ്വണ, അമ്പലപ്പറമ്പ് കോളനികളിൽ പ്രവൃത്തി നടന്നുവരുന്നുണ്ട്. പദ്ധതിയുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) ഈ സാമ്പത്തിക വർഷം മങ്കട നിയോജകമണ്ഡലത്തിൽ പട്ടികജാതി ക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണ്; വ്യക്തമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്